## പോണ്ടിച്ചേരി സംസ്ഥാനത്ത് മാത്രം വില്ക്കാൻ പാടുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യം കേരളത്തിൽ കൈവശം വച്ച വ്യക്തിയെ ശിക്ഷിക്കാനാവില്ല

### കേരള ഹൈക്കോടതി

Crl. R.P. No. 1036/2015 Dt. 19.8.2020

ജബ്ബാർ x സ്റ്റേറ്റ് ഓഫ് കേരള

2012–ൽ ഒരു ദിവസം രാത്രി എട്ട് മണി നേരത്ത് കോഴിക്കോട് ജില്ലയിലെ മങ്കാവ് കവലയിൽ ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ ഇരിക്കുകയായിരുന്നു ജബ്ബാർ എന്നയാൾ. അപ്പോൾ ആ വഴി വന്ന ഫറോക്ക് എക്സൈസ് റേഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ ജബ്ബാറിന്റെ കൈവശമുണ്ടായിരുന്ന പ്ലാസ്റ്റിക് സഞ്ചിയിലെ ഉള്ളടക്കം പരിശോധിച്ചപ്പോൾ നൂറ്റിയെൺപത് മില്ലി ലിറ്റർ വീതം കൊള്ളുന്ന ഒമ്പത് കുപ്പികൾ നിറയെ ഇന്ത്യൻ നിർമ്മിത വിദേശമദ്യം കണ്ടെടുത്തു. കുപ്പികളിലെ ലേബൽ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ അതിൽ "പോണ്ടിച്ചേരി സംസ്ഥാനത്ത് മാത്രം വില്ക്കാൻ പാടുള്ളത്" എന്ന് രേഖപ്പെടുത്തിയത് കണ്ടു. തുടർന്ന് ജബ്ബാറിനെ അറസ്റ്റ് ചെയ്യുകയും അയാൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തു. അനധികൃതമായി ഇറക്കുമതി ചെയ്ത് ഇന്ത്യൻ നിർമ്മിത വിദേശമദ്യം കൈവശം വച്ചുവെന്ന കുറ്റമാണ് പ്രതിയുടെ മേൽ ചുമത്തിയത്. പ്രതിക്കെതിരെയുള്ള കുറ്റം തെളിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയ അസിസ്റ്റന്റ് സെഷൻസ് കോടതി ഒരു വർഷത്തെ വെറും തടവും ഒരു ലക്ഷം രൂപയുടെ പിഴയും പ്രതിക്ക് ശിക്ഷ വിധിച്ചു. ഇതിനെതിരെ പ്രതി സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിച്ചെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് പ്രതി ഹൈക്കോടതിയിൽ പുനരവലോകന ഹർജി നല്കി. താൻ അറിഞ്ഞുകൊണ്ട് ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഇറക്കുമതി ചെയ്തിട്ടില്ലെന്നും നൂറ്റിയെൺപത് മില്ലി ലിറ്ററിന്റെ ഒമ്പത് കുപ്പി ഇന്ത്യൻ നിർമ്മിത വിദേശമദ്യം കൈവശം വച്ചത് ശിക്ഷാർഹമായ കുറ്റമല്ലെന്നും പ്രതി വാദിച്ചു. പ്രതിയുടെ കൈവശമുണ്ടായിരുന്നത് പോണ്ടിച്ചേരി സംസ്ഥാനത്ത് മാത്രം വില്ക്കാൻ പാടുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യമാണെന്നും കോഴിക്കോടുള്ള പ്രതിയുടെ കൈവശം അത് കാണപ്പെട്ടതിനാൽ പ്രതി അനധികൃതമായി അത് ഇറക്കുമതി ചെയ്തതാണെന്ന് അനുമാനിക്കാമെന്നും സംസ്ഥാന സർക്കാർ വാദിച്ചു. കൈവശം വച്ച കുപ്പിയിലെ ലേബലിന്റെ അടിസ്ഥാനത്തിലുള്ള അനുമാനത്തിൽ പ്രതി അനധികൃതമായി മദ്യം ഇറക്കുമതി ചെയ്തതാണെന്ന് വിധിക്കാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. മദ്യം ഇറക്കുമതി ചെയ്തത് പ്രതിയാണെന്നതിന് തെളിവില്ലെന്നും ലേബലിലെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രതിയെ ശിക്ഷിക്കാനാവില്ലെന്നും വിലയിരുത്തിയ ഹൈക്കോടതി സെഷൻസ് കോടതിയുടെയും അസിസ്റ്റന്റ് സെഷൻസ് കോടതിയുടെയും വിധികൾ റദ്ദാക്കുകയും പ്രതിയെ വെറുതെ വിടുകയും ചെയ്തു.